Catholic Syrian Bank CSB

# THE CATHOLIC SYRIAN BANK LTD.


**Registered Office**: CSB Bhavan, St. Mary's College Road,
Post Box No. 502, Thrissur, Kerala-680 020
**Corporate Identity Number**: U65191KL1920PLC000175
**Tel:** +91 487 2333020; **Fax:** +91 487 2338764
**Website**: www.csb.co.in ; **E-mail**: investors@csb.co.in


## നോട്ടീസ്

കാത്തലിക് സിറിയൻ ബാങ്കിന്റെ ഓഹരി ഉടമകളുടെ **95–ാമത് വാർഷിക പൊതുയോഗം 2016 സെപ്തംബർ 23–ാം തിയ്യതി വെള്ളിയാഴ്ച രാവിലെ പത്ത് മണിക്ക്, കൗസ്തുഭം ആഡിറ്റോറിയം**, ഷൊർണ്ണൂർ റോഡ്, തൃശൂർ-680001 ൽ വെച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പ്രസ്തുത പൊതുയോഗത്തിൽ ബാങ്കിന്റെ 10.08.2016 തിയ്യതിയിലെ നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള സാധാരണ/ പ്രത്യേക കാര്യങ്ങൾ നടത്തുന്നതാണ്.

ബാങ്കിലോ, ഡിപ്പോസറ്ററി പാർട്ടിസിപ്പന്റിന്റെ പക്കലോ, ബാങ്കിന്റെ റജിസ്ട്രാർ ആന്റ് ട്രാൻസ്ഫർ ഏജന്റായ M/s SKDC Consultants Ltd ന്റെ പക്കലോ ഇമെയിൽ വിലാസം റജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് 2015-16 വർഷത്തെ ബാങ്കിന്റെ വാർഷിക റിപ്പോർട്ട്, വാർഷിക പൊതുയോഗ നോട്ടീസ്, അറ്റൻഡൻസ് സ്ലിപ്പ്, പ്രോക്സി ഫോം എന്നിവ സഹിതം റജിസ്റ്റർ ചെയ്ത ഇമെയിലിലേക്ക് അയച്ചിട്ടുള്ളതാണ്.

ഇമെയിൽ അഡ്രസ്സ് റജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്കും മേപ്പടി രേഖകൾ ഹാർഡ് കോപ്പിയായി അയച്ചു തരാൻ ആവശ്യപ്പെട്ട അംഗങ്ങൾക്കും ആയത് തപാലിൽ അയച്ചിട്ടുള്ളതാണ്.

ഇതിനുപുറമെ ബാങ്കിന്റെ വെബ്സൈറ്റായ www.csb.co.in ൽ 31.03.2016 ലെ വാർഷിക റിപ്പോർട്ടും വാർഷിക പൊതുയോഗത്തിന്റെ നോട്ടീസും അറ്റൻഡൻസ് സ്ലിപ്പും, പ്രോക്സി ഫോമും ലഭ്യമാണ്. മേൽപറഞ്ഞ പ്രകാരം അയച്ചിട്ടുള്ള വാർഷിക റിപ്പോർട്ട് ലഭിക്കാത്ത അംഗങ്ങൾ ബാങ്കിന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുകയോ, മേൽപറഞ്ഞ ഇമെയിൽ അഡ്രസ്സിലൂടെ കമ്പനി സെക്രട്ടറിയോട് ആവശ്യപ്പെടുകയോ അതുമല്ലെങ്കിൽ ബാങ്കിന്റെ രജിസ്റ്റേർഡ് ആഫീസിലേക്ക് രേഖാമൂലം എഴുതി അപേക്ഷിക്കാവുന്നതോ ആണ്.

പ്രസ്തുത വാർഷിക പൊതുയോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്ന കാര്യങ്ങളെയും ഇടപാടുകളെയും സംബന്ധിച്ച രേഖകൾ, എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 10 മണി മുതൽ ഉച്ചക്ക് 2 മണി വരെയും വാർഷിക പൊതുയോഗ ദിവസം ആയതു അവസാനിക്കും വരെയ്ക്കും പരിശോധനയ്ക്ക് ലഭ്യമാണ്.

മാന്യ അംഗങ്ങൾക്കുള്ള വോട്ടവകാശം ഇലക്ട്രോണിക് മോഡ് ഇ-വോട്ടിംഗിലൂടെ വിനിയോഗിക്കുവാനുള്ള സൗകര്യം ബാങ്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഇലക്ട്രോണിക് ഇ-വോട്ടിംഗിലൂടെ നിർവ്വഹിക്കുന്ന നടപടികൾ | 10.08.2016 ലെ അംഗങ്ങൾക്കുള്ള നോട്ടീസിൽ വിശദീകരിച്ചിട്ടുള്ള വിഷയങ്ങൾ |
| 2. | വാർഷിക പൊതുയോഗത്തിന്റെ നോട്ടീസ് അയയ്ക്കൽ പൂർത്തിയായ തിയ്യതി | 27.08.2016 |
| 3. | റിമോട്ട് ഇ-വോട്ടിംഗ് ആരംഭിക്കുന്ന തിയ്യതിയും സമയവും | 19.09.2016 രാവിലെ 9.00 മണി മുതൽ |
| 4. | റിമോട്ട് ഇ-വോട്ടിംഗ് അവസാനിക്കുന്ന തിയ്യതിയും സമയവും | 22.09.2016 വൈകുന്നേരം 5.00 മണി വരെ |
| 5. | മേൽപറഞ്ഞ സമയപരിധി കഴിഞ്ഞാൽ ഇ-വോട്ടിംഗ് അനുവദിക്കുന്നതല്ല. അംഗങ്ങൾ പ്രമേയത്തിന്മേൽ ഒരിക്കൽ രേഖപ്പെടുത്തിയ വോട്ട് പിന്നീട് മാറ്റുവാൻ അനുവദിക്കുന്നതല്ല. | |
| 6. | വാർഷികപൊതുയോഗത്തിന്റെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള ബാങ്കിന്റെ / ഏജൻസിയുടെ വെബ്സൈറ്റ് വിവരങ്ങൾ | www.csb.co.in<br>www.evotingindia.com |
| 7. | ഇ-വോട്ടിംഗിനെപ്പറ്റിയുള്ള പരാതികൾ അറിയിക്കുവാൻ അധികാരപ്പെടുത്തിയ ആളിന്റെ പേരും അഡ്രസ്സും | **Shri. K. Jayakumar**<br>Manager- Systems & Support,<br>M/s SKDC Consultants Ltd.<br>3rd Floor- Kanapathy Towers, 1391/A-1,<br>Sathy Road, Ganapathy,<br>Coimbatore-641006<br>Contact No: +91 422 2538935-836, 6549995<br>Fax: +91 422 2539837<br>email id: info@skdc-consultants.com |

കട്ട് ഓഫ് തിയ്യതിയായ 16.09.2016 ന് അംഗങ്ങളുടെ കൈവശമുള്ള സാധാരണ ഇക്വിറ്റി ഓഹരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അവർക്കുള്ള വോട്ടവകാശം. ഇ-വോട്ടിംഗ് അവകാശം വിനിയോഗിക്കുവാനുള്ള അർഹത 16.09.2016 തിയ്യതിയിലെ ബാങ്കിന്റെ ഓഹരി ഉടമകൾക്ക് മാത്രമായിരിക്കും.
വാർഷിക പൊതുയോഗ നോട്ടീസ് അയച്ചതിനു ശേഷം കട്ട് ഓഫ് തിയ്യതിയായ 2016 സെപ്തംബർ 16 നു മുമ്പായി ബാങ്കിന്റെ അംഗങ്ങളായിട്ടുള്ളവർ ഇ വോട്ടിംഗ് ചെയ്യുവാനുള്ള Login ID യും Password ഉം ലഭിക്കുവാനായി ബാങ്കിന്റെ റജിസ്ട്രാർ ആന്റ് ഷെയർ ട്രാൻസ്ഫർ ഏജന്റായ M/s SKDC Consultants Limited നെ info@skdc-consultants.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.
ഇവോട്ടിംഗ് അവകാശം വിനിയോഗിക്കാത്ത അംഗങ്ങൾക്ക് വാർഷിക പൊതുയോഗം നടക്കുന്ന സമയത്ത് അവിടെ വെച്ച് വോട്ട് ചെയ്യാവുന്നതും ആയതിനുള്ള സൗകര്യം ബാങ്ക് ഏർപ്പെടുത്തുന്നതുമാണ്.
ഇവോട്ടിംഗ് ചെയ്ത അംഗങ്ങൾക്ക് വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാവുന്നതും എന്നാൽ പൊതുയോഗ സ്ഥലത്ത് വോട്ട് ചെയ്യാൻ അവകാശമില്ലാത്തതുമാണ്. കട്ട് ഓഫ് തിയ്യതിയിൽ അംഗങ്ങൾ അല്ലാത്തവർ/ അല്ലാതായിതീർന്നവർ ഈ നോട്ടീസ് ഒരു വെറും വിവരമായി മാത്രം കണക്കാക്കേണ്ടതാണ്.
ഇ-വോട്ടിംഗ് നടപടിക്രമങ്ങൾ വാർഷിക പൊതുയോഗത്തിന്റെ നോട്ടീസിലും ബാങ്കിന്റെ വെബ്സൈറ്റിലും M/s. SKDC Consultants Limitedൽ നിന്ന് അംഗങ്ങൾക്ക് അയച്ച ഇ-മെയിലിലും ലഭ്യമാണ്. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ നീതിയുക്തവും, സുതാര്യവുമായി നടത്തുവാനായി ശ്രീ. കെ.പി. മോഹനകുമാർ, കമ്പനി സെക്രട്ടറി ഇൻ പ്രാക്ടീസ്, ഡോർ നമ്പർ 36/1848 ബി (പുതിയത് 63/720), ഇടശ്ശേരി ടവേഴ്സ് (ഫസ്റ്റ് ഫ്ളോർ), പാർക്ക് സെൻട്രൽ ഹോട്ടലിന് സമീപം, സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് ചർച്ച് റോഡ്, കലൂർ സൗത്ത്, എറണാകുളം- 682017 അവർകളെ സൂക്ഷ്മനിരീക്ഷകനായി നിയോഗിച്ചിട്ടുള്ളതാണ്.
കമ്പനി നിയമം 2013-ലെ 91-ാം വകുപ്പ് പ്രകാരവും കമ്പനീസ് (മാനേജ്മെന്റ് ആന്റ് അഡ്മിനിസ്ട്രേഷൻ) ചട്ടങ്ങൾ, 2014 ലെ 10-ാം ചട്ട പ്രകാരവും റജിസ്റ്റർ ഓഫ് മെമ്പേഴ്സ് ഷെയർ ട്രാൻസ്ഫർ ബുക്ക് എന്നിവ 17.09.2016 മുതൽ 23.09.2016 വരെ (രണ്ട് തിയ്യതിയും ഉൾപ്പെടെ) ക്ലോസ് ചെയ്തിരിക്കുന്നതായിരിക്കും എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ബോർഡിന്റെ ഉത്തരവ് പ്രകാരം
കാത്തലിക് സിറിയൻ ബാങ്കിന് വേണ്ടി
ഒപ്പ്
സിജോ വർഗ്ഗീസ്
കമ്പനി സെക്രട്ടറി

സ്ഥലം : തൃശൂർ
തിയ്യതി : 29.08.2016